പൊതുമരാമത്തുവേലകൾ

*൧൦൫. (൩൯) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെപറയുന്നചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂരിലും എടവിലങ്ങിലും ഇക്കൊല്ലം നടത്തുവാൻ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന വേലകളിൽ ഏതൊക്കെ പൂർത്തിയാക്കി;

(ബി) ഏതൊക്കെ വേലകൾ നടന്നുകൊണ്ടിരിക്കുന്നു;

(സി) ഏതെല്ലാം വേലകൾ ആരംഭിക്കാതെയുണ്ട്;

(ഡി) ആരംഭിക്കാത്തതിന് കാരണമെന്താണ്?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) പല്ലുറുത്തി റോഡിന്റെ മെറ്റലിംഗ് പൂർത്തിയായി.

(ബി) കൊടുങ്ങല്ലൂർ ബായ്സ് ഹൈസ്കൂളിനു തെക്കുപടിഞ്ഞാറുള്ള ഇടവഴി വീതികൂട്ടുന്ന ജോലി കുറെഭാഗം പൂർത്തിയായി. ബാക്കി ജോലികൾ നടന്നുകൊണ്ടിരിക്കുന്നു. മേത്തല മലയാളം സ്കൂളിന്റെ മേൽക്കൂര നന്നാക്കുക, കാര–കോതപറമ്പു റോഡു നന്നാക്കുകയും മെറ്റലിടുകയും ചെയ്യുക, അഴീക്കോട്ട ഒരു ചെറിയ പാലം പണിയിക്കുക, അഴീക്കോട്ട ജെട്ടിയിലുള്ള വെയിറ്റിംഗ് ഷെഡ്ഡ് പണിയിക്കുക, കൊടുങ്ങല്ലൂരു കടൽതീരത്തു ഗ്രോയിൻസ് സ്ഥാപിക്കുക, എറിയാട്ട കെ. വി. ഹൈസ്കൂൾ നന്നാക്കുക, ബ്ലാങ്ങ്ചാൽ തോട്ടിലുള്ള പാലം വീണ്ടും പണിയിക്കുക, വിജയൻതോട്ടിന്റെ കരയ്ക്കുകെട്ടുക്കാനുള്ള ഒരു കടവു പണിയിക്കുന്ന ജോലി ഇവ നടത്തിക്കൊണ്ടിരിക്കുന്നു.

(സി) ഒന്നും ആരംഭിക്കാതെയില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

WRITTEN ANSWERS

MIDDLE SCHOOL FOR GIRLS, SHENCOTTAH

***105.** [42] **Sri. A. Ramasubramonia Karayalar:** Will the hon'ble Minister for Education, Labour and Civil Supplies be pleased to state.—

Whether the Government have received representations to raise the Shencottah Middle School for Girls to that of a High School?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** Yes.

വൈസ് ചാൻസലർ

*൧൦൬. (൭൪) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിനു ബഹു. വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

ഇവിടത്തെ യൂണിവേഴ്സിറ്റിവൈസ് ചാൻസലറായിരുന്ന ശ്രീ. നന്ദൻ മേനോൻ രാജിവക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാം?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ശ്രീ. നന്ദൻമേനോൻ രാജിവക്കാനുണ്ടായ കാരണങ്ങൾ ഗവണ്മെണ്ടിനെ അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly